1. യേശു എനിക്കെത്ര നല്ലവനാം
ക്ലേശമേശാതെന്നെ കാത്തവനാം
താഴ്ചകൾ വന്നാലും വീഴ്ചകൾ വന്നാലും
താങ്ങി നടത്തുവാൻ വല്ലഭനാം

**എക്കാലത്തും തൻ ഭക്തരെ തൃക്കയ്യാൽ**
**താങ്ങി നടത്തുമവൻ**
**കഷ്ടതയിൽ നൽ തുണ താൻ**
**ദുഃഖത്തിൽ ആശ്വാസദായകൻ താൻ**

2. ഉള്ളം കലങ്ങും പ്രയാസം വന്നാൽ
ഉ     നിക്കഭയസ്ഥാനമൊന്ന്
ഉറ്റവർ സ്നേഹിതർ വിട്ടുപോയെന്നാലും
ഉന്നതൻ മാറില്ല കൈവിടില്ല ...എക്കാലത്തും

3. ആഴിയിൽ പാതയൊരുക്കുമവൻ
ആശ്രിതർക്കാപത്തൊഴിക്കുമവൻ
ആ ദിവ്യ പാദത്തിൽ ആശ്രയിച്ചോരാരും
ആലംബഹീനരായ് തീർന്നതില്ല ...എക്കാലത്തും

4. വാനവിതാനത്തിൽ ദൂതരുമായ്
വന്നു വിളിയ്ക്കുമ്പോൾ ആ ക്ഷണത്തിൽ
മണ്ണിൽ മറഞ്ഞാലും മന്നിലിരുന്നാലും
വിണ്ണിൽ തൻ സന്നിധൗ ചേർന്നിടും
ഞാൻ... എക്കാലത്തും

1. Yesu enikethra nallavanaam
Kleshameshaathenne kaathavanaam
Taazhchchakal vannaalum veezhchakal vannaalum
Thaangi nadathuvaan vallabhanaam

**Ekkaalathum than bakthare**
**Thrukkayyaal thaangi nadathumavan**
**Kashttathayil nal thuna thaan**
**Dhukkathil aaswaasadaayakan thaan**

2. Ullam kalangum prayaasam vannaal
Undenikkabhaya sthanamonnu
Uttavar snehithar vittupoyennaalum
Unnathan marilla kaividilla
-Ekka

3. Aazhiyil paadhayorukkumavan
Asrithekkaapathozhikkumavan
Aa divya paadhatil aasrayichoraarum
Aalempa heenaraai theernnathilla
-Ekka

4. Vaana vidhaanathil dhootharumai
Vannu vilikkumbol aa kshanathil
Mannil maranjaalum mannil irunnaalum
Vinnil than sannidhow chernnidum
njaan -Ekka